**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3967** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ മുൻഗണനാ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ അനർഹരായ എത്ര പേർ മുൻഗണനാ റേഷൻ കാർഡിൽ നിന്ന് സ്വമേധയാ ഒഴിഞ്ഞ് പോകുകയോ നിർബന്ധപൂർവ്വം ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | 4276 |
| (ബി) | സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ സ്വമേധയാ ഒഴിഞ്ഞ് പോകാത്ത അനർഹരായവർക്കെതിരെ ജില്ലയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 വരെ അവസരം നൽകിയിരുന്നു. തുടർന്ന് 31.03.2022 വരെ അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരെ പിഴയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ആയതിനു ശേഷവും പരിശോധനയിലൂടെയും പരാതികളുടെ അടിസ്ഥാനത്തിലും അനർഹരാണെന്ന് കണ്ടെത്തുന്നവരുടെ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോള വില പിഴയായി ഈടാക്കുകയും ചെയ്ത് വരുന്നു. |
| (സി) | അനർഹരെ ഒഴിവാക്കുക വഴി അർഹരായ എത്ര പേരെ മുൻഗണന റേഷൻ കാർഡിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (സി) | 9600 |
| (ഡി) | മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള എത്ര അപേക്ഷകൾ ജില്ലയിൽ തീർപ്പ് കൽപ്പിക്കാനുണ്ട്; വിശദാംശം അറിയിക്കാമോ? | (ഡി) | ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ